**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2998** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്‌റഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിപണിയിൽ ഇറച്ചിക്കോഴിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിപണിയിൽ ഇടപെട്ട് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | 'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നത് വഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും ,കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും കോൺട്രാക്റ്റ് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന വെൻകോബ് 400ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്റ്റ് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാൻറിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തിരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതു കമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകളിലൂടെയും, |

| | | | |
|---|---|---|---|
| | | | കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കിയും, ഉത്പാദനം വർദ്ധിപ്പിച്ചും, ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്. |
| (സി) | ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ? | (സി) | 'കുടുംബശ്രീ'-യെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 'കേരള ചിക്കൻ പദ്ധതി' സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം കുടുംബശ്രീയ്ക്ക് 1600 ബ്രോയിലർ ഫാമുകൾക്ക് പരമാവധി 50,000/- രൂപ വീതവും 240 വിപണ കേന്ദ്രങ്ങൾക്ക് 25,000/- രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ സ്ഥാപനമായ കെ.എസ്.പി.ഡി.സി.യുടെ ഉടമസ്ഥ-തയിലുള്ള ബ്രോയിലർ ബ്രീഡർ ഫാമിൽ ഉത്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നു. കോഴികൾക്ക് 45 ദിവസത്തെ വളർച്ചയെത്തുമ്പോൾ ന്യായമായ വില നൽകി കെപ്കോ തന്നെ തിരിച്ചെടുക്കുകയും ചെയ്യുന്നു. ഇരുപത്തിയേഴ് കുടുംബശ്രീ യൂണിറ്റുകൾ ഇപ്രകാരം കെപ്കോ - കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി പ്രകാരം കോഴിവളർത്തൽ നടത്തുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ലക്ഷത്തി പതിനായിരത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ